

# സപ്പോട്ട
## *(Manilkara zapota)*

സ്വാദിലും കലോറി ക്ഷമതയിലും മുന്നിൽ നിൽക്കുന്നൊരു ഫലവൃക്ഷമാണ് സപ്പോട്ട. ഇന്ത്യയിൽ ചിക്കു എന്ന പേരിലാണിതറിയപ്പെടുന്നത്. സപ്പോട്ടിയേസിയെ എന്ന സസ്യകുടുംബത്തിലാണ് സ്വാദേറിയ സപ്പോട്ട ഉൾപ്പെടുന്നത്.

**ഉത്ഭവം** : തെക്കൻ മെക്സിക്കോ, മധ്യ അമേരിക്ക, കരീബിയൻ പ്രദേശം എന്നിവയാണ് സപ്പോട്ടയുടെ ജന്മദേശം.

**എത്തിച്ചേർന്ന രാജ്യങ്ങൾ** : ഫിലിപ്പൈൻസ്, ഇന്ത്യ, പാക്കിസ്ഥാൻ, തായ്‌ലൻഡ്, മലേഷ്യ, കംബോഡിയ, ഇന്തോനേഷ്യ, വിയറ്റ്നാം, ബംഗ്ലാദേശ്, മെക്സിക്കോ.

## വിവരണം



### മരം
വളരെ സാവകാശം വളരുന്ന നിത്യഹരിത വൃക്ഷമാണ് സപ്പോട്ട. കൃഷി ചെയ്യുമ്പോൾ 15-30 അടി വരെയാണ് ഉയരം വയ്ക്കുന്നത്. മരത്തിന്റെ മുകൾഭാഗം ഭാഗികമായി പന്തലിച്ചോ ഉരുണ്ടോ കാണപ്പെടുന്നു. ശാഖകൾ ഒന്നുകിൽ ഭൂമിക്കു സമാന്തരമായി വളരുന്നു അല്ലെങ്കിൽ താഴേക്കു തൂങ്ങി വളരുന്നു.



### പൂക്കൾ
ശ്രദ്ധയിൽ പെടുന്നതരം സവിശേഷതകളൊന്നുമില്ലാത്ത ചെറിയ പൂക്കളാണ് സപ്പോട്ടയിലുള്ളത്. കുടമണിയുടെ ആകൃതി, വെളുത്ത നിറം, ഓരോന്നിനും ഒമ്പതു മില്ലിമീറ്റർ വ്യാസം, ചിലപ്പോൾ ഒറ്റയായി അല്ലെങ്കിൽ കൂട്ടമായി വിരിയുന്നു, ശാഖാഗ്രങ്ങളിലാണ് പൂക്കളുണ്ടാകുക.



### പഴം
ചാറോടു കൂടിയ കാമ്പുള്ള പഴങ്ങൾ ആകൃതി കൊണ്ട് ഉരുണ്ടതോ, ദീർഘവൃത്തരൂപത്തിലോ കോണാകൃതിയിലുള്ളതോ ആയിരിക്കും. ഓരോന്നിനും 5-10 സെന്റിമീറ്റർ വ്യാസം, ഇനത്തിനനുസരിച്ച് തൂക്കത്തിൽ വ്യത്യാസം സ്വാഭാവികമാണ്, 50-150 ഗ്രാം. ആണ്ടു മുഴുവൻ പഴങ്ങളുണ്ടാകുമെങ്കിലും പ്രധാന വിളവെടുപ്പ് സീസൺ മെയ് മുതൽ സെപ്റ്റംബർ വരെയാണ്. കാമ്പിനെ പൊതിഞ്ഞ് രോമാവൃതമായ തവിട്ടു നിറത്തിലുള്ള തൊലി. കാമ്പിനു മാധുര്യമേറും, നിറം ഇളം തവിട്ട്, മാംസള ഭാഗം ചാറു നിറഞ്ഞതാണ്, തരിതരിപ്പുള്ളതാണെങ്കിലും കാമ്പിന്റെ ഘടന മൃദുവാണ്. ഓരോ പഴത്തിനുള്ളിലും 2 മുതൽ 4 വരെ പരന്നു തിളങ്ങുന്ന കറുത്ത നിറത്തിലുള്ള വിത്തുകളുണ്ടായിരിക്കും. ഓരോ വിത്തിന്റെയും വ്യാസം 1.9 സെന്റിമീറ്റർ.

## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ്ഡ്/ഗ്രാഫ്റ്റ് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്തുള്ള കൃഷി

**കുഴിയുടെ അളവ്** : മൂന്ന് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ വ്യാസം** : 15 അടി

**ഇലത്തഴപ്പിന്റെ ഉയരം** : 20 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഒരു വർഷം ഒന്നിലധികം സീസൺ

**അനുയോജ്യ നടീൽ പ്രദേശം** : താഴ്ന്ന പ്രദേശങ്ങൾ, നിരപ്പായ സ്ഥലങ്ങൾ




1 X 1 X 1 മീറ്റർ സമചതുരം

## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **സൂര്യപ്രകാശം** : പൂർണ സൂര്യപ്രകാശം ആവശ്യമാണ്
- **താപനില** : 22-35 ഡിഗ്രി സെൽഷ്യസ്
- **മഴ** : 1200-2000 മില്ലി മീറ്റർ
- **ആപേക്ഷിക ആർദ്രത** : 50-70%
- **മണ്ണിന്റെ സ്വഭാവം** : ഏതു തരം മണ്ണും കുഴപ്പമില്ല
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **പി.എച്ച്.** : 5.5-6.5
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വളർച്ച ഒരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം
- **മൂല്യവർധനാസാധ്യത** : പഴസത്ത് ഉൽപാദനം

## പോഷണ പരിപാലനം

| വളം | 1–ാം വർഷം | 2–ാം വർഷം | 3–ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 200 ഗ്രാം | 250 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 3 കി. ഗ്രാം | 5 കി. ഗ്രാം | 8 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 150 ഗ്രാം | 200 ഗ്രാം | 250 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന അളവിന്റെ പകുതി വീതം ഓരോ തവണയും



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 5 ലിറ്റർ |
| രണ്ടാം വർഷം | 8 ലിറ്റർ |
| മൂന്നാം വർഷം | 10 ലിറ്റർ |



Document Prepared by
Research and Development department
Homegrown Biotech
Ph: +91 9562066333